പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1544 | 31-01-2018-ലെ മറുപടിയ്ക്ക്

**കാസർഗോഡ് ജില്ലയിലെ കർഷകർക്ക് പ്രകൃതിക്ഷോഭ ദുരിതാശ്വാസ ധനസഹായം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.കുഞ്ഞിരാമൻ** | | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ പ്രകൃതിക്ഷോഭ ദുരിതാശ്വാസ ധനസഹായമായി കർഷകർക്ക് 2013-14 വർഷം മുതൽ നൽകാനുള്ള തുക ഇതുവരെ നൽകിയിട്ടില്ലാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ആയത് കർഷകർക്ക് യഥാസമയം നൽകാതെ കാലതാമസം വരുത്തിയതിന്റെ കാരണം വിശദമാക്കമോ; | (ബി) & (സി) | 2013-14, 2014-15 പ്രകൃതിക്ഷോഭ ദുരിതാശ്വാസ ധനസഹായത്തിനുള്ള ക്ലെയിമുകൾ അംഗീകാരത്തിനും ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിനുമായി യഥാസമയം തന്നെ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിരുന്നെങ്കിലും ഭാഗികമായി മാത്രമേ ഫണ്ട് ലഭിച്ചിരുന്നുള്ളൂ. ലഭ്യമായ ഫണ്ടുകൾ പൂർണ്ണമായും വിതരണം ചെയ്തിട്ടുമുണ്ട്. 2015-16, 2016-17 വർഷത്തെ ക്ലെയിമുകൾ സമർപ്പിച്ചിരുന്നുവെങ്കിലും "33 ശതമാനവും അതിലധികവും കൃഷിനാശം സംഭവിച്ച എല്ലാ കൃഷിക്കാരെയും ഉൾപ്പെടുത്തി" എന്ന സാക്ഷ്യപത്രം സഹിതം ക്ലെയിമുകൾ പുന:സമർപ്പിക്കുന്നതിന് ജില്ലാ കളക്ടർ നിർദ്ദേശിക്കുകയും ടി സാക്ഷ്യപത്രങ്ങൾ സഹിതം 2015-16, 2016-17 വർഷത്തെ ക്ലെയിമുകളും 2013-14, 2014-15 വർഷങ്ങളിൽ കുടിശ്ശികയുള്ള ക്ലെയിമുകളും അടക്കം 2017 നവംബർ മാസം ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. |
| (സി) | കളക്ടറുടെ കൈവശം തുക ഉണ്ടായിട്ടും യഥാസമയം ബന്ധപ്പെട്ട കൃഷിവകുപ്പ് ഉദ്യോഗസ്ഥർ കളക്ടർക്ക് ക്ലെയിം നൽകാത്തതാണ് കാലതാമസം വരാനുണ്ടായ കാരണം എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |

| | | | |
|---|---|---|---|
| (ഡി) | എങ്കിൽ ഇത്തരത്തിൽ അനാസ്ഥ കാണിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ; | (ഡി) | ഉദ്യോഗസ്ഥ തലത്തിലുള്ള അനാസ്ഥ ഇതുവരെ റിപ്പോർട്ട് ചെയ്തിട്ടില്ല. |

**സെക്ഷൻ ഓഫീസർ**